(ബി) മറ്റു ചികിത്സാ സൗകര്യങ്ങൾ തുടങ്ങുമ്പോൾ ആയത് പ്രകൃതി ചികിത്സാ സമ്പ്രദായവുമായി പൊരുത്തപ്പെടാൻ സാധ്യതയില്ലാത്തതിനാൽ അത്തരം ചികിത്സാ സൗകര്യങ്ങൾ ആരംഭിക്കുന്നത് ഗുണകരമാകാൻ സാധ്യതയില്ല.

(സി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനവും നവീകരണവും

209 (1144) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനത്തിനും നവീകരണത്തിനുമായി എന്തെല്ലാം നടപടികളാണ് കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ സർക്കാർ സ്വീകരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) പുതിയതായി ഇവിടെ എത്ര യൂണിറ്റുകളും വിഭാഗങ്ങളും ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) മെഡിക്കൽ കോളേജിൽ പുതിയ ബ്ലോക്കുകളോ വാർഡുകളോ നിർമ്മിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) ഇതിനായി എന്തുതുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ട്രോമാകെയർ യൂണിറ്റ്, സി.ടി. സ്കാനർ, ബ്ലഡ് ബാങ്ക്, എക്സറേ യൂണിറ്റ് ലബോറട്ടറി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ന്യൂറോസർജറി ഓപ്പറേഷൻ തീയേറ്ററിന്റെ കെട്ടിട നിർമ്മാണം, ഐ.സി. യൂണിറ്റിന്റെ കെട്ടിടം, ഗൈനക്കോളജി ഓപ്പറേഷൻ തീയേറ്റർ എന്നിവയുടെ കെട്ടിടങ്ങൾ, കൊട്ടാരം ആശുപത്രിയുടെ നവീകരണം തുടങ്ങിയവ ചെയ്തിട്ടുണ്ട് കൂടാതെ വണ്ടാനത്ത് ഒ. പി. ബ്ലോക്ക്, വാർഡ് കെട്ടിടങ്ങൾ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ പണി പുരോഗമിക്കുന്നു.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഉണ്ട്. പുതിയതായി ന്യൂറോസർജറി ഐ. സി. യൂണിറ്റ്, കാർഡിയോളജി ഐ.സി. യൂണിറ്റ്, ട്രോമാകെയർ സെന്റർ, ഗൈനക്കോളജി ഓപ്പറേഷൻ തീയേറ്റർ തുടങ്ങിയവക്കുള്ള കെട്ടിടങ്ങളും, വാണ്ടാനത്ത് ഒ. പി. ബ്ലോക്കും (എ ആന്റ് ബി) തൊറാപ്പി യൂണിറ്റ് എന്നിവയുമാണ് നിർവഹിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആലപ്പുഴ മെഡിക്കൽ കോളേജിന് 6.93 ലക്ഷം രൂപയും വണ്ടാനത്തുള്ള ടി.ഡി. മെഡിക്കൽ കോളേജിന് 11.65 കോടി രൂപയും ചെലവായിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ജോലിയിൽ സ്ഥിരപ്പെടുത്തുന്നതിന് നടപടി

210 (1145) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ചൈൽഡ് വെൽഫയർ സെന്ററിൽ 1996 മുതൽ ജോലി നോക്കുന്ന ശ്രീ. ഡി. എസ്. അനി എന്ന ഡ്രൈവറെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് സർക്കാരിനു നൽകിയ നിവേദനത്തിനുമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) 1996 മുതൽ ഈ ഓഫീസിൽ ജോലി ചെയ്യുന്ന എത്രപേരെ നാളിതുവരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് ;

(സി) ശ്രീ. ഡി. എസ്. അനിയെ സ്ഥിരപ്പെടുത്തുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിവേദനം സർക്കാർ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

(ബി) താൽക്കാലികമായി ഉണ്ടാക്കിയ പോസ്റ്റിൽ നിയമിച്ച ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല.

(സി) ഇക്കാര്യം പരിശോധിച്ചു തീരുമാനിക്കുന്നതാണ്.

സ്പോർട്സ് യുവജന ക്ഷേമ രംഗത്ത് കേന്ദ്ര പദ്ധതികൾ

211 (1146) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് യുവജനക്ഷേമ രംഗത്ത് സംസ്ഥാനത്ത് എന്തെല്ലാം കേന്ദ്ര പദ്ധതികൾ നടപ്പാക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ സ്പോർട്സ് കൗൺസിലിന്റെ നവീകരണത്തിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദീകരിക്കാമോ ;

(സി) സംസ്ഥാനത്തെ സ്കൂൾ കായികമേളകളിൽ മികവ് തെളിയിക്കുന്ന കുട്ടികളെ കണ്ടെത്തി സ്പോൺസർ ചെയ്യാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly